പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5962 — 28.03.2018 ൽ മറുപടിയ്ക്ക്

സപ്ലൈകോയുടെ കീഴിലുള്ള ശബരി ബ്രാൻഡ് ഉത്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സപ്ലൈകോയുടെ കീഴിലുള്ള ശബരി ബ്രാൻഡ് ഉത്പന്നങ്ങൾ സപ്ലൈകോ തന്നെ ഉത്പാദിപ്പിക്കുന്നതോ നിർമ്മിക്കുന്നതോ ആയ ഉത്പന്നങ്ങളാണോ; | (എ) അല്ല. |
| (ബി) ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | (ബി) കരാറുകാരുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽ നടത്തുന്ന ഗുണ നിലവാര പരിശോധന കൂടാതെ NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലബോറട്ടറികളിൽ പരിശോധന നടത്തിയതിനു ശേഷമാണ് വിപണിയിൽ വിൽക്കുന്നത്. കൂടാതെ ഉത്പന്നങ്ങളും സാമ്പിളുകളും കോന്നിയിലുള്ള CFRD (Council for Food Research & Development) ലാബിലും പരിശോധിച്ചു വരുന്നു. |
| (സി) ശബരി ബ്രാൻഡ് വെളിച്ചെണ്ണയുടെ മോശം ഗുണനിലവാരത്തെക്കുറിച്ച് സമൂഹമാധ്യമങ്ങളിൽ വന്ന പ്രചരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഇത് യാഥാർത്ഥ്യമാണെങ്കിൽ വെളിച്ചെണ്ണയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ഇ) ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ഡി) യും (ഇ) യും ഇത് യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. എല്ലാ മാസവും നടത്തുന്ന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷമാണ് ശബരി ബ്രാൻഡ് വെളിച്ചെണ്ണ സപ്ലൈകോ വിപണിയിലിറക്കുന്നത്. |

സെക്ഷൻ ഓഫീസർ